"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ജീവനക്കാര്യം - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് - ശ്രീമതി രശ്മി സി. പി., ജോയിന്റ് ഡയറക്ടർ- ഗ്രേഡ് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.157/2025/P&EA തീയതി,തിരുവനന്തപുരം, 14-04-2025

---

പരാമർശം:- (1) സ.ഉ (സാധാ)നം. 98/2025/പി&ഇഎ തീയതി 18-03-2025

(2) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 30.03.2025-ലെ ഡിഇഎസ്/1594/2025-ഇബി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുദർശ ആർ. പരാമർശം (1) പ്രകാരം അഡീഷണൽ ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് ചുമതലയേറ്റതിനെ തുടർന്ന് ഉണ്ടായ ഒരൊഴിവിലേയ്ക്ക് വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഏറ്റവും സീനിയറായ ശ്രീമതി രശ്മി സി പി ജോയിന്റ് ഡയറക്ടർക്ക് സീനിയർ ജോയിന്റ് ഡയറക്ടറായി ഗ്രേഡ് പ്രമോഷൻ നൽകി ഉത്തരവാകുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി രശ്മി സി.പി.യ്ക്ക് 19/03/2025 പൂർവ്വാഹനം പ്രാബല്യത്തിൽ 107800-160000/- ശമ്പള സ്കെയിലിൽ സീനിയർ ജോയിന്റ് ഡയറക്ടർ ആയി ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മനോജ് കെ എസ്

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം

2.ശ്രീമതി.രശ്മി സി.പി., ജോയിന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മുഖേന)

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

5. കരുതൽ ഫയൽ/ഓഫീസ് കോപ്പി(**File No.: PLGEA-B3/60/2025-PLGEA**)

ഉത്തരവിൻ പ്രകാരം

Signed by

Sajith T

സെക്ഷൻ ഓഫീസർ

Date: 16-04-2025 11:36:20